# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി - കുട്ടനാട് നിയോജക മണ്ഡലം - ആസ്തിവികസന പദ്ധതി പ്രകാരമുള്ള 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 278/2015/തസ്വഭവ** **തിരുവനന്തപുരം, തീയതി :** 29.01.2015.

---

പരാമർശം:- (1) ജി.ഒ(പി) നം.332/2012/ധന; തീയതി 11.06.2012.
(2) ശ്രീ.തോമസ് ചാണ്ടി, കുട്ടനാട് നിയോജക മണ്ഡലം എം.എൽ.എയുടെ 10.10.2014, 23.01.2015 തീയതികളിലെ കത്തുകൾ
(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.10.2014-ലെ ഡിബി2/4324/2014/സിഇ/തസ്വഭവ നമ്പർ കത്ത്

**ഉത്തരവ്**

അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.തോമസ് ചാണ്ടി, കുട്ടനാട് നിയോജക മണ്ഡലം എം.എൽ.എയുടെ 2014-15-ലെ അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മാമ്പുഴക്കരി-ചെമ്പുതറ മോട്ടോർതറ മുതൽ വൈക്കത്തുശ്ശേരി പാലം റോഡ് മെറ്റലിംഗും ടാറിംഗും-വാർഡ് 4 | രാമങ്കരി | 30.00 |
| 2 | മാമ്പറമ്പ് കുറ്റിശ്ശേരി വഴി കിടങ്ങറ റോഡിന്റെ ആദ്യ റീച്ച് റോഡ് നിർമ്മാണം-വാർഡ് 6 | വെളിയനാട് | 40.00 |
| 3 | ചതുർത്ഥ്യാകരി ജംഗ്ഷൻ മുതൽ വടക്കോട്ട് വേണാട്ടുകാട് വരെയുള്ള റോഡിന്റെ ആദ്യ റീച്ച് നിർമ്മാണം- വാർഡ് 1 | പുളിങ്കുന്ന് | 50.00 |
| 4 | 88-ൽ പാലത്തിന്റെ തെക്കുവശത്തുനിന്നും പടിഞ്ഞാറോട്ട് നാഗവള്ളി ക്ഷേത്രം റോഡ് നിർമ്മാണം-വാർഡ് 10 | രാമങ്കരി | 25.00 |
| 5 | തെറ്റാലിക്കര മോട്ടോർ ഷെഡ് മുതൽ കിഴക്കോട്ട് ഷട്ടർമട വരെ റോഡ് നിർമ്മാണം-വാർഡ് 7 | വെളിയനാട് | 40.00 |
| 6 | കൃഷ്ണപുരം കാവാലം റോഡിൽ നാരകത്തറ എൻ.എസ്.എസ് കരയോഗം ജംഗ്ഷനിൽ നിന്നും ബി.വി.യു.പി സ്കൂൾ വഴി സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ വരെയുള്ള റോഡ് പുനരുദ്ധാരണം-വാർഡ് 7, 10 | നീലംപേരൂർ | 25.00 |
| 7 | കറുപ്പൻ ജംഗ്ഷൻ മുതൽ ആറാട്ടുകടവ് വടക്കോട്ട് ഗ്രാവൽ റോഡ് ടാറിംഗ് - വാർഡ് 4 | കാവാലം | 25.00 |
| 8 | പടനിലം ജംഗ്ഷൻ മുതൽ വടക്കോട്ട് (പടനിലത്ത് മല്ലശ്ശേരി റോഡ്) മെറ്റലിംഗും ടാറിംഗും-വാർഡ് 9 | വീയപുരം | 10.00 |
| 9 | ഹൈസ്കൂൾ പടി മുതൽ വേലിയിൽപടി വരെയുള്ള റോഡ് നിർമ്മാണം -വാർഡ് 13 | വീയപുരം | 25.00 |
| 10 | എടത്വാ തകഴി റോഡിൽ ഒന്നാം പാലം മുതൽ തെക്കോട്ട് കരീച്ചിറ പാലം വരെയുള്ള പള്ളി റോഡ് നിർമ്മാണം-വാർഡ് 7 | തകഴി | 25.00 |

| | | | |
|---|---|---|---|
| 11 | ഇടയാടി പള്ളിക്ക് മുൻവശത്ത് നാട്ടുതോടിനു കുറുകെ കലുങ്ക് നിർമ്മാണം- വാർഡ് 15 | പുളിങ്കുന്ന് | 20.00 |
| 12 | കുമരങ്കരി - ചങ്ങനാശ്ശേരി പി.ഡബ്ല്യൂ.ഡി റോഡിൽ നിന്നും തെക്കോട്ട് കൊച്ചുകുട്ടൻ പുരയ്ക്കൽ മുതൽ പുത്തൻകുളം വരെ റോഡ് ടാറിംഗ് -വാർഡ് 4 | വെളിയനാട് | 25.00 |
| 13 | കോയിക്കരി - വെട്ടിച്ചിറ - 2-ാം റീച്ച്- അൻപതിൽചിറ കൾവർട്ട് റോഡ് -വാർഡ് 13 | ചമ്പക്കുളം | 25.00 |
| | **ആകെ** | | **365.00** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.തോമസ് ചാണ്ടി, കുട്ടനാട് നിയോജക മണ്ഡലം എം.എൽ.എയുടെ 2014-15-ലെ അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി **365,00,000/-രൂപ (മുന്നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** എസ്റ്റിമേറ്റ് ചെലവിൽ മേൽപരാമർശ പ്രവൃത്തികൾ പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും എല്ലാവിധ വകുപ്പുതല നടപടികൾക്ക് വിധേയമായും നടപ്പാക്കുവാൻ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ചെലവ് ആകെ **365,00,000/-രൂപ (മുന്നൂറ്റി അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** '4515-00-800-96 projects under LAC-ADS(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.എസ്.ശോഭന
**ഗവ. ജോയിന്റ് സെക്രട്ടറി**

ശ്രീ.തോമസ് ചാണ്ടി, എം.എൽ.എ, (കുട്ടനാട്) (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, രാമങ്കരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, വെളിയനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, വീയപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, തകഴി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ(നോഡൽ സെന്റർ-ബി)വകുപ്പ്(98530/എൻ.സി-ബി2/2014/ധന;തീയതി: 24.12.2014.)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ